**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5087** **02-11-2021 - ൽ മറുപടിയ്ക്ക്**

**പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്ക് പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉല്പന്നങ്ങൾക്ക് ഉയർന്ന വിപണി സാധ്യതയുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | പി.ജി.എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ, ജൈവരീതി അനുവർത്തിക്കപ്പെടുന്ന കൃഷിയിടങ്ങൾക്ക് നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് മുഖേന നൽകി വരുന്നു. ജൈവകൃഷിയിൽ താൽപര്യമുള്ള കർഷകരുടെ സംഘങ്ങളായ ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് ജൈവകൃഷിയിൽ പരിശീലനങ്ങൾ നൽകുന്നുണ്ട്. നിശ്ചിത കാലങ്ങളിൽ ഈ സംഘങ്ങൾ യോഗങ്ങൾ കൂടി ആവശ്യമായ പരിശീലനങ്ങൾ, ജൈവഉൽപ്പാദനോപാദികൾ സ്വരൂപിക്കൽ തുടങ്ങിയവയെ സംബന്ധിച്ച ചർച്ച നടത്തി തീരുമാനങ്ങൾ റെക്കോർഡ് ചെയ്തു വരുന്നു. കൂടാതെ അവരുടെ കൃഷിയിടങ്ങൾ അന്യോന്യം പരിശോധിച്ച് വിലയിരുത്തി സമയബന്ധിതമായ peer appraisal നടത്തുകയും ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൂട്ടായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. ആയത് പി ജി എസ് സർട്ടിഫിക്കേഷൻ നടത്തുന്ന നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗിന്റെ റീജണൽ കൗൺസിലിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നു. റീജണൽ കൗൺസിൽ അവ പരിശോധിച്ച് അർഹരായ കർഷകർക്ക് പിജിഎസ് ഗ്രീൻ സർട്ടിഫിക്കറ്റ് നൽകുന്നു. ഇതിനുശേഷം മണ്ണ് പരിശോധന, ജല പരിശോധന, അവശിഷ്ട വിഷ വിശകലനം എന്നിവ റീജണൽ കൗൺസിൽ പരിശോധിക്കുകയും തൃപ്തികരമായ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം മൂന്നാം വർഷം പി ജി എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ജൈവ കൃഷി സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും സർട്ടിഫിക്കേഷൻ നേടാൻ സഹായിക്കുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ഫണ്ടുകളുടെ 60:40 |

| | | | |
|---|---|---|---|
| | | | അനുപാതത്തിൽ പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) എന്നീ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ കർഷകരെ ബോധവൽക്കരിക്കുകയും പിജിഎസ് ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. കൂടാതെ National Centre of Organic Farming (NCOF), Regional Centre of Organic Farming (RCOF) നേരിട്ടും കർഷകർക്ക് പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ